## ഇരിങ്ങാലക്കുട രൂപത

## സൺഡേസ്ക്കൂൾ മതബോധന സ്കോളർഷിപ്പ് പരീക്ഷ 2019

തിയ്യതി : 11.04.2019 **STD IV** സമയം : 11.30 am - 1.00 pm

മാർക്ക് : 50

---

**I പേരെഴുതുക** (1X6=6)

1. പെസഹ എന്ന വാക്കിന്റെ അർത്ഥം എഴുതുക
2. മനുഷ്യന്റെ ഏറ്റവും വലിയ സന്തോഷം എന്താണ്?
3. മാനസാന്തരത്തിന്റെ സന്ദേശം പ്രസംഗിച്ചുകൊണ്ട് കടന്നുവന്ന പ്രവാചകൻ ആരാണ്?
4. ഈശോ ആരിലൂടെയാണ് ലോകത്തിനു ജീവൻ നൽകുന്നത്?
5. തിരുപ്പട്ട കൂദാശയിലെ പ്രധാനഭാഗം ഏതാണ്?
6. ഇന്ത്യയിൽ സന്ദർശനം നടത്തിയിട്ടുള്ള ആദ്യ മാർപാപ്പ?

**II രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** (2X6=12)

7. ദൈവികജീവനിൽ വളരാൻ നാം എന്തു ചെയ്യണം?
8. കൂദാശകളിലൂടെ നമുക്ക് ലഭിക്കുന്നതെന്ത്?
9. കുഷ്ഠരോഗി ഈശോയോട് എന്താണാവശ്യപ്പെട്ടത്?
10. വിവാഹബന്ധത്തിന്റെ സുപ്രധാന ഘടകങ്ങൾ ഏവ?
11. മാലാഖമാർ ഈശോയെ സ്തുതിച്ചുപാടിയ പാട്ട് ഏത്?
12. ഈ വർഷത്തെ മതബോധന ആപ്തവാക്യം എഴുതുക.

**III ഉത്തരമെഴുതുക** (4X5=20)

13. ഈശോയ്ക്കു സാക്ഷ്യം വഹിച്ച ഭാരതത്തിലെ നാല് വിശുദ്ധരുടെ പേര് എഴുതുക.
14. സംഭവിച്ച ക്രമത്തിൽ എഴുതുക.
    a. ഈശോ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു
    b. ഈശോ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു.
    c. സുഗന്ധദ്രവ്യങ്ങളുമായി സ്ത്രീകൾ കല്ലറയിൽ വന്നു.
    d. ഈശോ മഗ്ദലന മറിയത്തിനു പ്രത്യക്ഷപ്പെട്ടു.
    e. ഈശോ ഉയിർത്തെഴുന്നേറ്റു എന്ന് ദൈവദൂതന്മാർ സ്ത്രീകളോട് പറഞ്ഞു.
15. കുമ്പസാരത്തിനുള്ള ജപം എഴുതുക.

(PTO)

16. തൈലാഭിഷേക കൂദാശയുടെ ഫലങ്ങൾ ഏതെല്ലാം?
17. പുരോഹിതന്റെ പ്രധാന കടമകൾ ഏതെല്ലാം?

**IV രണ്ടു ഖണ്ഡികയിൽ ഉത്തരമെഴുതുക** (5X1=5)

18. വി. കുർബ്ബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ ഏവ? വി. കുർബ്ബാനയിലെ സമാധാനാശംസ, അനുരഞ്ജന ശുശ്രൂഷ, കുർബ്ബാന സ്വീകരണത്തിനുമുമ്പുള്ള ഉപവാസം എന്നിവ നമ്മിലേക്ക് എഴുന്നള്ളിവരുന്ന ഈശോയെ സ്നേഹപൂർവ്വം സ്വീകരിക്കാൻ നമ്മെ സഹായിക്കുന്നതെങ്ങനെ?

**V വിശദമാക്കാം. പ്രാർത്ഥിക്കാം** (7X1=7)

19. പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ ഏവയെന്ന് വിശദമാക്കുക. ഇന്ന് നിങ്ങളുടെ ക്ലാസ്സിലെ കൂട്ടുകാരിയുടെ അമ്മയ്ക്ക് ഓപ്പറേഷൻ ആണ്. ഇന്നത്തെ പ്രഭാത പ്രാർത്ഥനയിൽ ആ അമ്മച്ചിക്കുവേണ്ടി ചൊല്ലാനായി ഒരു പ്രാർത്ഥന എഴുതി തയ്യാറാക്കുക.

## ഇരിങ്ങാലക്കുട രൂപത

## സൺഡേസ്ക്കൂൾ മതബോധന സ്കോളർഷിപ്പ് പരീക്ഷ 2019

തിയ്യതി : 11.04.2019 **STD VII** സമയം : 11.30 am - 1.00 pm

മാർക്ക് : 50

**I പേരെഴുതുക** (1X5=5)

1. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം?
2. സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല്?
3. ആരാധന വത്സരത്തിലെ ആറാമത്തെ കാലം?
4. 'മന്നാ' എന്ന വാക്കിന്റെ അർത്ഥം?
5. ദിവ്യകാരുണ്യത്തോടും ദൈവമാതാവിനോടുമുള്ള ഭക്തി ജീവിത മുദ്രയാക്കി ജീവിച്ച് വിശുദ്ധിയുടെ പടവുകൾ കയറിയ വിശുദ്ധൻ?

**II പൂരിപ്പിക്കുക** (1X5=5)

6. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിനിധികളാണ്...............
7. പഴയനിയമത്തിൽ മനഃസാക്ഷിയെന്നാൽ ............... എന്നാണ് അർത്ഥം?
8. മോശയുടെ നിയമത്തിന്റെ രത്നചുരുക്കമാണ്...............
9. മാർതോമാശ്ലീഹായെക്കുറിച്ച് വളരെയധികം വിവരങ്ങൾ നൽകുന്ന ഒരു അപ്രാമാണിക ഗ്രന്ഥമാണ് ...................
10. ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്രയാണ് ....................

**III ചേരുംപടി ചേർക്കുക** (1X5=5)

| | | |
|---|---|---|
| 11. | ഒന്നിച്ചുകൂടുക | ആഗസ്റ്റ് 15 |
| 12. | യാക്കോബ് | കർത്താവിന്റെ ദിനം |
| 13. | വി. ജോൺപോൾ രണ്ടാമൻ | സുനാഗോ |
| 14. | മാതാവിന്റെ സ്വർഗ്ഗാരോപണം | ജനുവരി 6 |
| 15. | ദനഹാതിരുനാൾ | ഇസ്രായേൽ |

**IV ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** (6X2=12)

16. തേനും പാലും ഒഴുകുന്ന നഗരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
17. വിശ്വാസികൾക്ക് നിത്യരക്ഷ കൈവരിക്കുന്നതിന് സഭ പഠിപ്പിക്കുന്ന പ്രധാനപ്പെട്ട 3 മാർഗ്ഗങ്ങൾ ഏവ?

(PTO)

18. ആറാം പ്രമാണത്തിന്റെ ഉദ്ദേശ്യം എന്ത്?
19. അബ്രാഹത്തിന്റെ ജീവിതകഥ നമുക്ക് നൽകുന്ന സന്ദേശമെന്ത്?
20. ധൂർത്തപുത്രന്റെ ഉപമയിലൂടെ ഈശോ വെളിവാക്കിതരുന്നതെന്ത്?
21. വിശ്വാസമെന്ന ദൈവികപുണ്യം എന്നാൽ എന്ത്?

**V ഖണ്ഡികയിൽ ഉത്തരമെഴുതുക** (4X4=16)

22. കുറിപ്പെഴുതുക: സുവിശേഷങ്ങൾ
23. വിശ്വാസപ്രമാണം
24. ജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങളിൽ തളരാതിരിക്കാൻ നാം എന്തു ചെയ്യണം?
25. സത്യസന്ധരായിരിക്കാൻ നാം കടപ്പെട്ടിരിക്കുന്നത് എന്തുകൊണ്ട്?

**VI രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക** (1X7=7)

26. സ്നേഹവും കാരുണ്യവും അർഹിക്കുന്നവരെ അവഗണിക്കാൻ ക്രൈസ്തവന് കഴിയുകയില്ല. (Std. 7/page 66) പ്രവൃത്തികളിലൂടെ ഈ സഹോദരസ്നേഹം അനുഭവിച്ചറിഞ്ഞ പ്രളയനാളുകളിലെ വിവിധ കാരുണ്യപ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഒരു പ്രസംഗം തയ്യാറാക്കുക.

## ഇരിങ്ങാലക്കുട രൂപത
## വചനം എന്റെ ജീവൻ സ്കോളർഷിപ്പ് പരീക്ഷ 2019

തിയ്യതി : 11.04.2019 **STD V** സമയം : 10 am - 11 am

മാർക്ക് : 50

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** (12X1=12)

1. വി. കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ?
2. നോഹ പെട്ടകം നിർമ്മിക്കാൻ ഉപയോഗിച്ച മരം? (ഉല്പ 6/14)
3. കർത്താവ് ഭൂമിയിലെ ഭാഷ ഭിന്നിപ്പിച്ച സ്ഥലം ഏത്? (ഉല്പ 11/9)
4. അമേരിക്കയുടെ മദ്ധ്യസ്ഥയായി അറിയപ്പെടുന്ന വിശുദ്ധ?
5. വിധിയുടെമേൽ വിജയം വരിക്കുന്നത് എന്ത്? (യാക്കോ 2/13)
6. ദുഷ്ടരുടെയിടയിൽ ദൈവഭയത്തോടെ ജീവിച്ച ഒരു നീതിമാൻ? (2 പത്രോ 2/7)
7. അഹറോൻ മോശയെ കണ്ടുമുട്ടിയത് എവിടെ വച്ചാണ്? (പുറ 4/27)
8. ഹാഗാർ തന്നോട് സംസാരിച്ച കർത്താവിനെ വിളിച്ച പേര്? (ഉല്പ 16/13)
9. ബൊവനെർഗസ് എന്ന വാക്കിന്റെ അർത്ഥം? (മർക്കോ 3:16–17)
10. ലഭിക്കാനിരിക്കുന്ന കൃപയെപ്പറ്റി മുൻകൂട്ടി അറിയിച്ചത് ആര്? (1 പത്രോ 1/10)
11. അബ്രാഹത്തിന്റെ ആയുഷ്കാലം എത്ര? (ഉല്പ 25/7)
12. വി. കൊച്ചുത്രേസ്യയുടെ ആത്മകഥയുടെ പേര്?

**II ആര് ആരോട് പറഞ്ഞു** (4X1=4)

13. "ഇവിടെ ദൈവകരം പ്രവർത്തിക്കുന്നു" (പുറ. 8/19)
14. "നിന്റെ ഭാര്യ സാറായിയെ ഇനിമേൽ സാറായി എന്നല്ല വിളിക്കേണ്ടത്. അവളുടെ പേര് സാറാ എന്നായിരിക്കും" (ഉല്പ. 17/15)
15. "കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തു കൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽ മതി" (പുറ. 14/14)
16. "ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക" (മർക്കോ 5/36)

**III ചേരുംപടി ചേർക്കുക** (4X1=4)

| | | |
|---|---|---|
| 17. | എഫ്ഫാത്ത (മർക്കോ 7/34) | ഇസ്രായേൽ |
| 18. | യാക്കോബ് (ഉല്പ 32/28) | അവൻ ചിരിച്ചു |
| 19. | ഗോൽഗോഥാ (മർക്കോ 15/22) | തുറക്കപ്പെടട്ടെ |
| 20. | ഇസഹാക്ക് (ഉല്പ 17/19) | തലയോടിടം |

(PTO)

**IV ഉത്തരമെഴുതുക** (10X2=20)

21. കർത്താവ് ആകാശത്തിൽനിന്ന് അഗ്നിയും ഗന്ധകവും വർഷിച്ച നഗരങ്ങൾ ഏതെല്ലാം? (ഉല്പ. 19/24)
22. വി. ഗ്രന്ഥത്തിലെ രാജകീയ നിയമമേത്? (യാക്കോ 2/8)
23. ആരാണ് യേശുവിന്റെ സഹോദരനും സഹോദരിയും അമ്മയും? (മർക്കോ 3/35)
24. വിശ്വാസത്തെ സമ്പൂർണ്ണമാക്കുന്നത് എങ്ങനെ? (2 പത്രോ 1:5–7)
25. എന്തുകൊണ്ടാണ് കർത്താവ് ദീർഘക്ഷമ കാണിക്കുന്നത്? (2 പത്രോ 3/9)
26. ഏദേൻ തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷങ്ങളേവ? (ഉല്പ. 2/9)
27. മോശ ഇസ്രായേൽ ജനത്തെ അനുഗ്രഹിച്ചത് എപ്പോഴാണ്? (പുറ. 39/43).
28. ദീർഘകാലം ജീവിച്ചിരിക്കുന്നതിന് എന്താണ് ചെയ്യേണ്ടത്? (പുറ. 20/12)
29. എന്തുകൊണ്ടാണ് കൊച്ചുത്രേസ്യയെ ചെറുപുഷ്പം എന്ന് വിളിക്കുന്നത്?
30. കർത്താവ് നമ്മെ ഉയർത്തുന്നതെപ്പോൾ (യാക്കോ 4/10)

**V രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** (2X5=10)

31. ദൈവം അബ്രാഹമിനോട് പറഞ്ഞ ഏഴ് അനുഗ്രഹവചസ്സുകൾ എഴുതുക (ഉല്പ 12/2–3)
32. "ഗുരോ ചെറുപ്പം മുതൽ ഞാൻ ഇവയെല്ലാം പാലിക്കുന്നുണ്ട്" ഇവയെല്ലാം എന്നു പറയുന്നത് ഏവ? (മാർക്കോ 10/19)

## ഇരിങ്ങാലക്കുട രൂപത
## വചനം എന്റെ ജീവൻ സ്കോളർഷിപ്പ് പരീക്ഷ 2019

തിയ്യതി : 11.04.2019 **STD VI** സമയം : 10 am - 11 am
മാർക്ക് : 50

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** (15X1=15)

1. നവോമിയും മരുമകൾ റൂത്തും തിരിച്ചെത്തിയ സ്ഥലത്തിന്റെ പേര്? (റൂത്ത് 1–22)
2. സീലോഹ' എന്ന വാക്കിന്റെ അർത്ഥം എന്ത്? (യോഹ 9/7)
3. അഹറോൻ മരിച്ചത് എവിടെ വച്ച് (സംഖ്യ 20/22–29)
4. വിശുദ്ധ മരിയഗൊരെത്തി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത് എന്നാണ്?
5. ബൈബിളിലെ പഴയ നിയമത്തിൽ എത്ര പുസ്തകങ്ങൾ ഉണ്ട്?
6. പീലിപ്പോസ് ഏത് ഗ്രാമത്തിൽ നിന്നുള്ളവനായിരുന്നു? (യോഹ 12/21)
7. വർഷങ്ങളുടെ ഏഴു സാബത്തുകളുടെ ദൈർഘ്യം എത്ര വർഷങ്ങൾ? (ലേവ്യ 25/8)
8. ഈശോ നമുക്ക് നൽകിയിരിക്കുന്ന വാഗ്ദാനം എന്ത്? (1 യോഹ 2/25)
9. ഇസ്രായേൽ ജനം തോൽപ്പിച്ച രാജാക്കന്മാരുടെ എണ്ണമെത്ര? (ജോഷ്വ 12/9)
10. അദോനിയായെ വധിച്ചതാര്? (1 രാജ 2/25)
11. സാക്ഷ്യകൂടാരത്തിന്റെ ചുമതല വഹിക്കുന്ന ഗോത്രം ഏത് ? (സംഖ്യ 1/53)
12. ജറീക്കോയിലെത്തിയ ചാരന്മാർക്ക് അഭയം നൽകിയതാര്? (ജോഷ്വ 2/1)
13. പട്ടണത്തിലെ ശ്രേഷ്ഠന്മാർ നാബോത്തിനെ എവിടെയാണിരുത്തിയത് ? (1 രാജ 21/12)
14. കർത്താവിന്റെ കല്പനയനുസരിച്ച് മോശ വീണ്ടെടുപ്പു വില ഏൽപ്പിച്ചത് ആരെയാണ്? (സംഖ്യ 3/51)
15. നിരന്തരബലിയിൽ ആരാണ് ദിവസേന ബലിപീഠത്തിൽ വിറക് അടുക്കേണ്ടത്? (ലേവ്യ 6/12)

**II ആര് ആരോട് പറഞ്ഞു** (5X1=5)

16. "ഞാനാണ് നിന്റെ അവകാശവും ഓഹരിയും" (സംഖ്യ 18/20)

(PTO)

17. "എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു." (യോഹ 10/24–25)
18. "നീ കാലുകുത്തിയ സ്ഥലം നിനക്ക് അവകാശമായി നൽകും" (ജോഷ്വ 14/9)
19. "നിന്റെ മനസ്സ് തിരിയുകയും എന്റെ ഉടമ്പടിയും ഞാൻ നൽകിയ കല്പനകളും പാലിക്കാതിരിക്കുകയും ചെയ്തതിനാൽ ഞാൻ രാജ്യം നിന്നിൽനിന്നു പറിച്ചെടുത്ത് നിന്റെ ദാസനു നൽകും" (1 രാജ 11/11)
20. "മകളെ കർത്താവ് നിന്നെ അനുഗ്രഹിക്കട്ടെ" (റൂത്ത് 3/10)

**III ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** (7X2=14)

21. ഷിമെയിയെ വധിക്കാൻ കാരണമെന്ത്? (1 രാജ 2/42)
22. മോശ എങ്ങനെയാണ് ബലിപീഠം ശുദ്ധീകരിച്ചത്? (ലേവ്യ 8/10–11)
23. സത്യത്തിന്റെ ആത്മാവിനെയും അസത്യത്തിന്റെ ആത്മാവിനെയും എങ്ങനെ നമുക്ക് തിരിച്ചറിയാം?
24. ജോർദ്ദാനിൽനിന്നും കൊണ്ടുവന്ന പന്ത്രണ്ട് കല്ലുകൾ എന്തിനെ സൂചിപ്പിക്കുന്നു? (ജോഷ്വ 4/7)
25. കർത്താവിനോട് നേർച്ച നേർന്നാൽ എന്തു ചെയ്യണം? (സംഖ്യ 30/2)
26. നിങ്ങളും പോകാനാഗ്രഹിക്കുന്നുവോ? എന്ന യേശുവിന്റെ ചോദ്യത്തിന് പത്രോസിന്റെ മറുപടി എന്തായിരുന്നു? (യോഹ. 6/68–69)
27. "ഇതു കണ്ടപ്പോൾ ജനമെല്ലാം ആർത്തുവിളിച്ച് സാഷ്ടാംഗം വീണു" ജനങ്ങൾ എന്താണ് കണ്ടത്? (ലേവ്യ 9/24)

**IV മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** (4X4=16)

28. പേടകം പുറപ്പെട്ടപ്പോഴും പേടകം നിശ്ചലമായപ്പോഴും മോശ പ്രാർത്ഥിച്ചു. മോശയുടെ പ്രാർത്ഥന എന്തായിരുന്നു? (സംഖ്യ 10/35, 36)
29. "അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ദൈവമായ കർത്താവേ... എന്റെ പ്രാർത്ഥന കേൾക്കണമെ" (1 രാജ 18/36–37)
30. ജറീക്കോ പട്ടണം പുനരുദ്ധരിക്കാൻ ശ്രമിക്കുന്നവന് എന്തെല്ലാം നഷ്ടപ്പെടുമെന്നാണ് ജോഷ്വ പറഞ്ഞത്? (ജോഷ്വ 6/26)
31. അഹറോൻ തനിക്കുവേണ്ടി പാപപരിഹാരബലിയായി അർപ്പിക്കേണ്ടത് എന്തിനെയൊക്കെയാണ്? (ലേവ്യ 16/6–9)

## ഇരിങ്ങാലക്കുട രൂപത
## വചനം എന്റെ ജീവൻ സ്കോളർഷിപ്പ് പരീക്ഷ 2019

തിയ്യതി : 11.04.2019 **STD VIII** സമയം : 10 am - 11 am

മാർക്ക് : 50

---

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക (10X1=10)**

1. ഏലിയാ പ്രവാചകൻ അയയ്ക്കപ്പെട്ടത് ഏതു വിധവയുടെ അടുക്കലേക്കാണ്? (വി. ലൂക്കാ 4/26)
2. സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് അധികമായി നൽകുന്നത് എന്താണ്? (വി.ലൂക്കാ 11/13)
3. നമ്മൾ ദൈവത്തിന്റെ മക്കളായതുകൊണ്ട് നമ്മുടെ ഹൃദയത്തിലേക്ക് ദൈവം ആരെയാണ് അയച്ചിരിക്കുന്നത്? (ഗലാ 4/6)
4. എത്യോപ്യകാർക്ക് തന്റെ തൊലിയോ, പുള്ളിപുലിക്ക് തന്റെ പുള്ളിയോ മാറ്റാനാകുമോ? എങ്കിൽ നിനക്ക് എന്തു ചെയ്യാനാകും/ (ജെറമിയ 13/23)
5. വിമോചനവർഷം എത്രാം വർഷമാണ്? (നിയമാ 31/11)
6. ദൈവം എല്ലാവരെയും ഒരുമിച്ചുകൂട്ടുന്ന താഴ്‌വര ഏത്? (ജോയേൽ 3/2)
7. ജനതകളുമായി ഇടകലർന്ന്, മറിച്ചിടാതെ ചുട്ടെടുത്ത അപ്പം ഏത്? (ഹോസിയ 7/8)
8. ജഫ്താ കർത്താവിന്റെ മുൻപിൽ വച്ച് ജനത്തോട് സംസാരിച്ച സ്ഥലം ഏത്? (ന്യായ 11/11)
9. ഇസ്രായേൽക്കാർ ദൈവസന്നിധിയിൽ ഉച്ചത്തിൽ കയ്പോടെ കരയുന്ന സ്ഥലമേത്? (ന്യായ. 21/2)
10. ഡൊമിനിക് സാവിയോയുടെ ജീവിതത്തിലെ ഏറ്റവും വലിയ ദിവസം ഏതായിരുന്നു?

**II പൂർത്തിയാക്കുക (4X2=8)**

11. യേശു ജ്ഞാനത്തിലും ............... വളർന്നു വന്നു. (വി.ലൂക്കാ 2/52)
12. എന്റെ വചനം നിന്റെ നാവിൽ .................. അഗ്നി അവരെ വിഴുങ്ങും (ജെറമിയ 5/14)
13. അവരെ ഭയപ്പെടരുത്, എന്തെന്നാൽ, .................. (നിയമാ 3/22)
14. കർത്താവ് അരുളിച്ചെയ്യുന്നു; അന്നു ഞാൻ .................... ഉത്തരമരുളും ................ (ഹോസിയ 2/21)

(PTO)

**III ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (6X2=12)**

15. അതിഥിയായി ചെന്ന ഈശോയോട് സക്കേവൂസ് പറഞ്ഞതെന്ത്? (വി.ലൂക്കാ 19/8)
16. കർത്താവ് ഹൃദയകവാടം തുറക്കുന്നതെന്തിനാണ്? (നിയ 30/6)
17. കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് കർത്താവ് എന്താണ് ചെയ്യുന്നത്? (നിയ 5/10)
18. പ്രഥമ ദിവ്യകാരുണ്യദിനത്തിൽ ഡൊമിനിക് എടുത്ത നാലാമത്തെ തീരുമാനം എന്തായിരുന്നു?
19. ആത്മാവിന്റെ ഫലങ്ങൾ ഏതെല്ലാം? (ഗലാ 5/22)
20. യൂദായുടെ സ്നേഹം എങ്ങനെയുള്ളതാണെന്നാണ് കർത്താവ് പറയുന്നത്? (ഹോസിയ 6/4)

**IV രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2X3=6)**

21. ഒലിവുമലയിൽവെച്ച് യേശു ശിഷ്യന്മാരിൽനിന്ന് ഒരു കല്ലേറുദൂരം മാറി മുട്ടിൻമേൽ വീണു പ്രാർത്ഥിച്ചത് എന്ത്? (വി.ലൂക്കാ 22/42)
22. ഈജിപ്തിൽനിന്നും ദൈവം ഇസ്രായേൽക്കാരെ കൊണ്ടുവന്നപ്പോൾ കല്പിച്ചിരുന്ന പ്രധാനപ്പെട്ട കാര്യം എന്തായിരുന്നു? (ജെറമിയ 7/23)

**V മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക (2X4=8)**

23. കർത്താവ് എല്ലാവരുടെയുംമേൽ ആത്മാവിനെ വർഷിക്കുമ്പോൾ എന്തെല്ലാം സംഭവിക്കും? (ജോയേൽ 2/28–29)
24. ദൈവമായ കർത്താവ് ദേശത്ത് അയയ്ക്കുന്ന ക്ഷാമമെന്ത്? (ആമോസ് 8/11)

**VI ഒരുപേജിൽ കവിയാതെ ഉത്തരമെഴുതുക (1X6=6)**

25. നല്ല സമരിയാക്കാരന്റെ ഉപമ വിശദീകരിക്കുക (വി. ലൂക്കാ 10/25–37)

## ഇരിങ്ങാലക്കുട രൂപത
## വചനം എന്റെ ജീവൻ സ്കോളർഷിപ്പ് പരീക്ഷ 2019

തിയ്യതി : 11.04.2019 **STD IX** സമയം : 10 am - 11 am

മാർക്ക് : 50

---

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** (10X1=10)

1. അങ്ങ് എന്നിൽ ജീവനും ഗാഢമായ സ്നേഹവും നിക്ഷേപിച്ചു. (ജോബ് 1/12)
2. ഇരുമ്പിനെ എങ്ങനെയാണ് കണക്കാക്കുന്നത്? (ജോബ് 41/27)
3. പ്രഭാതത്തിലും പ്രദോഷത്തിലും കർത്താവിനെ പാടി സ്തുതിക്കുവാൻ ചുമതലപ്പെടുത്തിയത് ആരെയാണ്? (1 ദിന 23/30)
4. എനിക്ക് ജീവൻ തന്നത് എന്താണ്? (ജോബ് 33/4)
5. 'ദൈവം അതിന് ജ്ഞാനം നൽകിയില്ല" ആർക്ക്? (ജോബ് 39/17)
6. കേരളത്തിൽനിന്നുള്ള ആദ്യത്തെ വത്തിക്കാൻ പ്രതിനിധി?
7. ജോസിയ രാജാവിന് മുമ്പ് ഇസ്രായേലിൽ ആഘോഷമായി പെസഹാ ആചരിച്ച പ്രവാചകൻ? (2 ദിന 35/18)
8. ക്രിസ്തു വി. പൗലോസ് ശ്ലീഹായെ ഭരമേൽപ്പിച്ച ദൗത്യം എന്തായിരുന്നു? (കൊളോ 1/25)
9. നമ്മെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ അഭിലാഷമെന്ത്? (1 തെസ 4/3)
10. ഏത് മലയെയാണ് കർത്താവ് വിജനവും ശൂന്യവുമാക്കുമെന്ന് പറഞ്ഞത്? (എസെ. 35/15)

**II വചനമെഴുതുക** (5X2=10)

11. എഫേ 6:10
12. ജോബ് 40:10
13. എസെക്കി 37:24
14. എഫേ 1:4
15. ഫിലി 2:6

**III ഉത്തരമെഴുതുക** (5X2=10)

16. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലായതിനാൽ നമ്മുടെ നേട്ടമെന്ത്? (ഫിലി 3/20)
17. തിമോത്തേയോസിൽ നിറഞ്ഞ് നിന്നിരുന്ന സ്വഭാവഗുണം? (ഫിലി 2/22)

(PTO)

18. കുട്ടികൾ എങ്ങനെ പെരുമാറണമെന്നാണ് വി. ശ്ലീഹ ഉദ്ബോധിപ്പിക്കുന്നത്? (കൊളോ 3/20)
19. യേശുക്രിസ്തുവിൽ നമ്മെ സംബന്ധിച്ചുള്ള ദൈവഹിതമെന്ത്? (1 തെസ 5/18)
20. നദിയുടെ ഇരുകരകളിലുമുള്ള ഫലവൃക്ഷങ്ങൾ മാസംതോറും പുത്തൻഫലങ്ങൾ പുറപ്പെടുവിക്കുന്നത് എന്തുകൊണ്ടാണ്? (എസെക്കി 47/12)

**IV രണ്ടോ മൂന്നോ വാകൃത്തിൽ ഉത്തരമെഴുതുക** (4X2½=10)

21. ജോസിയ കർത്താവിന്റെ മുമ്പിൽ ചെയ്ത ഉടമ്പടി എഴുതുക. (2 ദിന 34/31)
22. യേശുക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണമായ അറിവിലേക്ക് നമ്മെ നയിക്കുന്നതെങ്ങനെ? (എഫേ 1/17)
23. സോളമൻ ദൈവത്തോട് ചോദിച്ച വരമെന്തായിരുന്നു? (2 ദിന 1/9–10)
24. കുറ്റമറ്റ ദൈവമക്കളാകാനും ലോകത്തിൽ വെളിച്ചമായി പ്രകാശിക്കാനും നാം ചെയ്യേണ്ടതെന്ത്? (ഫിലി. 2:14–15)

**V ഖണ്ഡികയിൽ ഉത്തരമെഴുതുക** (2X5=10)

25. പകലിന്റെ മക്കളുടെ പ്രത്യേകതകളെന്തെല്ലാം? (1 തെസ 5:7–11)
26. കർത്താവാണ് ദൈവമെന്ന് മനാസെക്കു മനസ്സിലാക്കുവാൻ വഴിയൊരുക്കിയ സംഭവം എഴുതുക. (2 ദിന 33/10–13)